

## “നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് ...”
## യോഹന്നാൻ 17:22

## നവംബർ 2014: വിചിന്തനം - യോഹന്നാൻ 17:20-26

യേശു തന്റെ സമയമായപ്പോൾ, പിതാവിന് തന്റെ ‘പുരോഹിത പ്രാർത്ഥന’ സമർപ്പിച്ചു. നാം ഒന്നായിരിക്കേണ്ടതിന് സകല വിശ്വാസികളുടെയും പേരിൽ പ്രാർത്ഥിച്ചുകൊണ്ടായിരുന്നു ആ സമർപ്പണം. മിക്കപ്പോഴും, ഈ ഒന്നായിരിക്കുകയെന്നതിനെ സംഘർഷങ്ങളുടെ ഒത്തുതീർപ്പായിട്ടോ ഇതര ക്രിസ്ത്യാനികളുമായി ഒന്നുചേർന്നുപോകുന്ന പൊതു ധാരണയായിട്ടോ നമ്മുടെ സമ്മേളനങ്ങളിലുളവാകുന്ന താൽക്കാലിക ആഹ്ലാദാനുഭവമായിട്ടോ പരിമിതപ്പെടുത്താനുള്ള പ്രവണത നമുക്കുണ്ട്.

എന്നാൽ, യേശുവിന്റെ പ്രാർത്ഥന ഈ അർത്ഥതലങ്ങൾക്കപ്പുറത്തേക്ക് വ്യാപിക്കുന്നു. യഥാർത്ഥത്തിൽ അത് മനുഷ്യന് സാധ്യമായതിനെയും അവന് ഗ്രഹിക്കാനാവുന്നതിനെയും പോലും മറികടക്കുന്നു. ഐക്യത്തിന്റെ ഒരു പൊതുധാരണയ്ക്കുവേണ്ടിയല്ല, യേശു ഇവിടെ പ്രാർത്ഥിക്കുന്നത്; പിന്നെയോ പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ “പൂർണമായും ഒന്നാകേണ്ടതിന്” ആണ് നിശ്ചിതമായി പ്രാർത്ഥിക്കുന്നത്.

“നാം ഒന്നായിരിക്കുന്നതുപോലെ” സൂചിപ്പിക്കുന്നത് പിതാവുമായി യേശു പങ്കിടുന്ന സവിശേഷമായ ഐക്യമാണ്. ക്രിസ്തുവിനുമുൻപ്, ദൈവം പൂർവപിതാക്കന്മാരിലൂടെയും പ്രവാചകരിലൂടെയും ദൈവജനത്തിന് പലതും വെളിപ്പെടുത്തി. ദൈവം സ്വന്തം ജനത്തെ സ്നേഹിച്ചുവെന്നും അവിടുന്ന് വിശ്വസ്തനും കരുണാർദ്രനും നീതിമാനും ശക്തനുമാണെന്നും “വിവിധവും വ്യത്യസ്ഥവുമായ വഴികളിലൂടെ” നാം അറിഞ്ഞു. “എന്നാൽ, ഈ അവസാന നാളുകളിൽ, തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു” (ഹെബ്രാ.1:1-2) ഇത് വളരെ ശ്രദ്ധേയമാണ്; കാരണം അനേകർക്ക് അനേകം കാര്യങ്ങൾ പറയാമെങ്കിലും, “പിതാവ്” എന്ന നിലയിൽ ദൈവത്തെ അറിയുന്ന ഒരുവൻ അവിടുത്തെ ഏകപുത്രൻ മാത്രമാണ്. യഥാർത്ഥത്തിൽ “പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്ക് വെളിപ്പെടുത്തികൊടുക്കാൻ മനസ്സാകുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനെ അറിയുന്നില്ല” (മത്താ.11:27). “ഞാൻ പിതാവിനെ സ്നേഹിക്കുന്നുവെന്ന് ലോകം അറിയുന്നതിന്” (യോഹ.14:31) അവൻ പിതാവിനോടുള്ള അനുസരണത്തിൽ സകലതും ചെയ്തുവെന്ന് നാം അറിയണമെന്ന് അവൻ ആഗ്രഹിച്ചു. അവൻ സ്നേഹിക്കുന്നതുപോലെ തന്നെ നാമും ദൈവത്തെ സ്നേഹിക്കണമെന്ന് നമ്മെ പഠിപ്പിച്ചു. അതിനുവേണ്ടി വാത്സല്യപൂർവ്വം ‘അബ്ബാ’, ‘സ്വർഗസ്ഥനായ പിതാവേ’ എന്നുവിളിച്ചു. അതുപോലെതന്നെ, പിതാവ് പുത്ര

നെയും പുത്രനോടുള്ള സ്നേഹത്തെയും "ഇവൻ എന്റെ പ്രിയപുത്രൻ" എന്ന് സ്വരമുയർത്തി സാക്ഷ്യപ്പെടുത്തുന്നു. ഇരുവരും സ്നേഹത്തിന്റെ നിത്യവും അളക്കാനാവാത്തവിധം അഗാധവും സർവശക്തവുമായ ഐക്യത്തിൽ വസിക്കുന്നു. ഈ ഐക്യമാണ് ത്രിത്വത്തിലെ മൂന്നാമത്തെയാളായ പരിശുദ്ധാത്മാവ്.

ക്രിസ്തു നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുന്ന മൂന്നു ദൈവിക വ്യക്തികളുടെ നാമങ്ങൾക്ക് ("പിതാവ്", "പുത്രൻ", "പരിശുദ്ധാത്മാവ്") സവിശേഷപ്രധാന്യമുണ്ട്. ത്രിത്വത്തിലെ ആദ്യവ്യക്തി ഒരു പിതാവാണ് എന്നുപറയുന്നത് ഒരു കാര്യമാണ്. എന്നാൽ ആ വ്യക്തി പിതാവാണ് എന്നു പറയുന്നത് മറ്റൊരു കാര്യമാണ്. ആദ്യത്തേതിൽ ആ വ്യക്തി പ്രഥമത, അനന്യമായ വ്യതിരിക്തതയോടുകൂടിയ ഒരാൾ ആയിരിക്കും. അതിലുപരി, പിതാവ് എന്ന നിലയിൽ മറ്റൊരാളുമായി ബന്ധമുണ്ടായിരിക്കും; എന്റെ സ്വന്തം പിതാവ് ഞാൻ എന്ന വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ. എന്നാൽ, അയാൾ പിതാവു മാത്രമാണ് എന്നു പറയുമ്പോൾ അയാളുടെ വ്യക്തിഗതമായ വ്യതിരിക്തത യാതൊരു വിധത്തിലും അയാളുടെ ബന്ധത്തിൽനിന്ന് വേറിട്ടല്ല. പുത്രനുമായുള്ള ബന്ധം മുഖേനമാത്രമാണ് അയാൾക്ക് വ്യക്തിഗതമായ വ്യതിരിക്തത നൽകപ്പെട്ടിരിക്കുന്നത്. മറ്റു വാക്കുകകളിൽ അവിടുന്ന് ഒരു ബന്ധം മാത്രമാണ്. അവിടുന്ന് ശുദ്ധമായ പിതൃത്വമാണ്. "കാരണം, പിതാവ് സ്വമേധയാ പിതാവല്ല, പുത്രനോടുള്ള ബന്ധത്തിലാണ് പിതാവാകുക. പുത്രൻ സ്വമേധയാ പുത്രനല്ല, പിതാവിനോടുള്ള ബന്ധത്തിലാണ് പുത്രനാകുന്നത്. അതുപോലെതന്നെ പരിശുദ്ധാത്മാവ് ഒരേസമയം പിതാവിന്റെയും പുത്രന്റെയും ആത്മാവാകുന്നു" (പതിനൊന്നാമത് ടൊളേദോ [Toledo] കൗൺസിൽ 675) ത്രിത്വത്തിലെ ആളുകൾ പരസ്പരം ബന്ധത്തിലായിരിക്കുക മാത്രമല്ല; പിന്നെയോ, അവർക്കിടയിൽ "ശുദ്ധബന്ധങ്ങൾ" ആണ്. അതിനാൽ, ദൈവം, പരിപൂർണമായി സ്നേഹിക്കുക മാത്രമല്ല പിന്നെയോ, ദൈവം സ്നേഹമാണെന്ന് വി.യോഹന്നാനു പറയുവാനാകുന്നതിൽ വിസ്മയിക്കാനില്ല.

"ഞങ്ങൾ ഒന്നായിരിക്കുന്നതുപോലെ" എന്നതിന്റെ പൂർണ അർത്ഥം ഗ്രഹിക്കുവാൻ നാം പരിശുദ്ധാത്മാവിനെ മനസ്സിലാക്കുന്നതിന് യത്നിക്കണം. വി.അഗസ്റ്റീനോസ് എഴുതുന്നു: "വിശുദ്ധലിഖിതങ്ങളുനുസരിച്ച് പരിശുദ്ധാത്മാവ് പിതാവിന്റേതു മാത്രമല്ല, പുത്രന്റേതുമാത്രമല്ല, ഇരുവരുടേതുമാണ്. അതിനാൽ പിതാവ് പുത്രനും, പുത്രൻ പിതാവിനും നൽകുന്ന പരസ്പര സ്നേഹം നമ്മെ അറിയിക്കുന്നു. യഥാർത്ഥത്തിൽ പിതാവും പുത്രനും നിത്യമായി സാകല്യസ്നേഹത്തിൽ തങ്ങളെതന്നെ ആത്മദാനമായി പരസ്പരം സമർപ്പിക്കുന്നു. ഈ ദൈവികദാനാത്മകതയാണ് പരിശുദ്ധാത്മാവ്". "പിതാവിൽ നിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവൻ" ഇക്കാരണത്താൽ വി.ജോൺപോൾ രണ്ടാമൻ പരിശുദ്ധാത്മാവിനെ "വ്യക്തി - സ്നേഹം" എന്നും "വ്യക്തി - ദാനം" എന്നും വിളിക്കുന്നു. അതിനാൽ, പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാം ഒന്നായിരിക്കണം. നാം അവരുടെ സ്നേഹത്തിലും പങ്കുചേരണം. നാം പരിശുദ്ധാത്മാവിനാൽ പൂരിതരാകണം. "അവിടുന്ന് എനിക്ക് നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിന്" പ്രാർത്ഥിച്ചപ്പോൾ, യേശു അതാണ് പ്രാർത്ഥിച്ചത്. "നമുക്കുനൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" (റോമ 5:5) എന്ന് വി.പൗലോസ് നമ്മെ പ്രബോധിപ്പിക്കുന്നു. അങ്ങനെ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിലൂടെ ദൈവിക ആളുകളുടെ ഉദാത്തമായ സ്നേഹത്തിൽ പങ്കാളിയാകാൻ നമുക്ക് കഴിയുന്നു. പിതാവിന്റെയും പുത്രന്റെയും "സ്നേഹ കൂട്ടുകെട്ടിൽ" നാം നിഗൂഢമായി ഉൾച്ചേർക്കപ്പെടുന്നു. പരിശുദ്ധാത്മാവിലുള്ള ഇത്തരം പങ്കുചേരലിലൂടെ മാത്രമേ നമുക്ക് പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിരിക്കണമെന്ന ക്രിസ്തുവിന്റെ പ്രാർത്ഥന ആത്യന്തികമായി സാക്ഷാത്കരിക്കാനാവൂ.

ഇതെല്ലാം, "കൂട്ടായ്മ" എന്ന നമ്മുടെ സ്ഥായീഘടകം നമ്മിൽനിന്ന് ആവശ്യപ്പെടുന്നതിന്റെ അളവറ്റ ആഴങ്ങൾ നമ്മുടെ അവബോധത്തിലേക്ക് കൊണ്ടുവരുന്നു. സംഘർഷങ്ങൾ ഒഴിവാക്കുന്നതിലോ, ഒത്തുചേരലിലെ ആഹ്ലാദപൂർവമായ അനുഭവത്തിലോ ഇത് ഒതുങ്ങുന്നില്ല. ഇവയൊക്കെ സ്വാഭാവികമായി പ്രാധാന്യമുള്ളവയാണ്. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിരിക്കാനുള്ള ഒരു വിളിയാണ് കൂട്ടായ്മ. ത്രിത്വൈക ജീവനിൽതന്നെ പങ്കുചേരാനുള്ള വിളിയാണത്. വെറും മനുഷ്യപ്രയത്നംകൊണ്ട് ഇത് സാധ്യമല്ല. നമ്മിൽ പ്രവർത്തന നിരതമായ പരിശുദ്ധാത്മാവിലൂടെയാണ് സാധ്യമാകുക. അതുകൊണ്ട് കൂട്ടായ്മയെന്നത് പൂർണ അർത്ഥത്തിൽ അതിൽതന്നെ ഒരു അന്ത്യമാണ്. നമ്മുടെ സ്വയം കേന്ദ്രീകൃത അവസ്ഥയിൽനിന്ന് പുറത്തുവരാനും അപരനുവേണ്ടിയുള്ള ഒരു യഥാർത്ഥ ദാനമായി നമ്മെ രൂപപ്പെടുത്തുന്നതിന് ദൈവിക "വ്യക്തി-ദാന"ത്തെ അനുവദിക്കുന്നതിനുമുള്ള ഒരു തൃഷ്ണയുമാണ്.

"തീർച്ചയായും കർത്താവായ ഈശോ 'നാം ഒന്നായിരിക്കുന്നതുപോലെ... എല്ലാവരും ഒന്നാകാൻ' ( യോഹ 17: 21,22) പിതാവിനോടു പ്രാർത്ഥിക്കുമ്പോൾ, മനുഷ്യബുദ്ധിക്ക് ദുഷ്പ്രവേശ്യമായ ഒരു വീക്ഷണം നൽകിക്കൊണ്ട്, ദൈവികവ്യക്തികളുടെ സംസർഗവും ദൈവമക്കളുടെ സത്യത്തിലും സ്നേഹത്തിലുമുള്ള സംസർഗവും തമ്മിൽ ഏതോ ഒരു താരതമ്യം സൂചിപ്പിക്കുകയാണ്. ലോകത്തിൽ വെറും സൃഷ്ടിയും ദൈവത്താൽ തനിക്കുവേണ്ടിത്തന്നെ സ്വീകരിക്കപ്പെട്ടവനുമായ മനുഷ്യൻ, തന്നെത്തന്നെ പൂർണമായി മനസ്സിലാക്കണമെങ്കിൽ ആത്മാർഥമായ ആത്മസമർപ്പണം കൊണ്ടല്ലാതെ സാധ്യമല്ല എന്ന് ഈ താരതമ്യം തെളിയിക്കുന്നു". (രണ്ടാം വത്തിക്കാൻ കൗൺസിൽ - സഭ ആധുനികലോകത്തിൽ)